‘അശുദ്ധി ഇല്ലാത്ത ജീവിതം തന്നെ... മദ്യപാനം, മറ്റു ലഹരിയുടെ ഉപയോഗങ്ങൾ, മോഷണം, വ്യഭിചാരം, വിഗ്രഹാരാധന, ദേഷ്യം, കോപം, അസൂയ... അങ്ങനെ നിരവധി തെറ്റുകൾ ബൈബിൾ ചൂണ്ടിക്കാണിക്കുന്നുണ്ട്... അതൊക്കെ വിശദമായി മനസ്സിലാകാൻ ബൈബിൾ വായിക്കേണ്ടിവരും? ആൽഫ്രഡ് പറഞ്ഞു. ‘നിങ്ങൾ പറഞ്ഞ രക്ഷ, വീണ്ടെടുപ്പ്, വിശുദ്ധജീവിതം.. ഇതൊന്നും ശരിക്കും മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല... എന്റെ തലയിൽ ഇതൊന്നും കയറുന്നില്ല..‘വിനോദ് ആകെ അസ്വസ്ഥനായി.

‘അതൊക്കെ വഴിയേ മനസ്സിലാകും സുഹൃത്തേ. ആദ്യം താങ്കൾ മനസ്സിലെ ആത്മഹത്യാ ചിന്ത ഒഴിവാക്കൂ. ദൈവം തന്ന ജീവിതം നശിപ്പിക്കാൻ നമ്മൾക്കു അവകാശമില്ല. വലിയ ശിക്ഷയാകും നമ്മുക്ക് കിട്ടാൻ പോകുന്നത്‘

‘ഉം... പക്ഷെ, എന്റെ കടം... സമാധാനം... ഇതൊക്കെ എങ്ങനെ ശരിയാകും?

‘യേശുവിനെ രക്ഷിതാവും ദൈവവുമായി സ്വീകരിച്ച ആരും നശിച്ചു പോയതായി ചരിത്രമില്ല. ദൈവം സമാധാനദായകനാണ്, രോഗസൗഖ്യം നല്കുന്നവനാണ്... യേശുവിൽ വിശ്വസിക്കൂ... പ്രാർത്ഥിക്കൂ.. എല്ലാത്തിലും ഉപരി നമ്മുടെ ആത്മാവിന്റെ രക്ഷ ഉറപ്പു വരുത്തൂ .. ‘ആൽഫ്രഡ് പറഞ്ഞു നിർത്തി.


ബസ് അപ്പോഴേക്കും തിരുവല്ല കഴിഞ്ഞിരുന്നു. കോട്ടയം എത്താൻ ഇനി അധികം സമയം ഇല്ല. കുറച്ചു സമയം കൂടെ സംസാരിക്കാൻ ലഭിച്ചിരുന്നെങ്കിൽ എന്ന് വിനോദിന് തോന്നി. മനസ്സിൽ ഒരുപാടു സംശയങ്ങൾ!

എങ്കിലും ആകെ ഒരു പ്രതീക്ഷ കൈവന്നതുപോലെ...

ഈ ആൽഫ്രഡിനെ ദൈവം എന്റെ അരികിലേക്ക് അയച്ചതാണോ ?? ആവണം.

എന്തായാലും ബൈബിൾ കൂടുതൽ വായിക്കണം. സത്യം അറിയണം.

കോട്ടയം ലക്ഷ്യമാക്കി ആനവണ്ടി കുതിച്ചു. അപ്പോഴേക്കും മഴ മാറി സൂര്യകിരണങ്ങൾ വിനോദിനെ തലോടുന്നുണ്ടായിരുന്നു.






കൂടുതൽ വിവരങ്ങൾക്ക്:

KRAISTHAVA EZHUTHUPURA INTERNATIONAL
ക്രൈസ്തവ എഴുത്തുപുര ഇന്റർനാഷണൽ
Reg. No. 90/2016/IV. Vennikulam P.O, Pathanamthitta, Kerala, India.
epurapathram@gmail.com | www.kraisthavaezhuthupura.com

For **Free Distribution** - Not for SALE

*Aanavandiyile Yathra - Malayalam*

# ആനവണ്ടിയിലെ യാത്ര

ക്രൈസ്തവ എഴുത്തുപുര
പ്രസിദ്ധീകരണം

ഇടവപ്പാതിമഴ തകർത്തു പെയ്യുകയാണ്. നനുത്ത മഴ. തണുത്ത കാറ്റ്... ആനവണ്ടിയിലെ യാത്ര ഒന്ന് അനുഭവിച്ചറിയേണ്ടത് തന്നെയാണ്.. ബസിൽ വലിയ തിരക്കില്ല. തിരുവനന്തപുരത്തു നിന്ന് കോട്ടയത്തേക്കുള്ള യാത്രയിലാണ് ആൽഫ്രഡ്. ടെക്നോപാർക്കിൽ ജോലി ചെയ്യുന്ന ആൽഫ്രഡ് തന്റെ വീട്ടിലേക്കു പോകുകയാണ്.

ആയൂർ എത്തിയപ്പോൾ തൊട്ടടുത്ത സീറ്റിൽ ഒരു ചെറുപ്പക്കാരൻ വന്നിരുന്നു. അയാളുടെ മുഖത്ത് നോക്കി ഒന്ന് പുഞ്ചിരിച്ചെങ്കിലും അയാൾ അത് കണ്ട ഭാവം നടിച്ചില്ല. എന്നിട്ടും ആൽഫ്രഡ് പേര് ചോദിച്ചു. 'വിനോദ് ' അല്പം താല്പര്യക്കുറവോടെ അയാൾ മറുപടി പറഞ്ഞു. വീണ്ടും അവർക്കിടയിൽ മൗനം തളംകെട്ടി നിന്നു. അപ്പോഴാണ് വിനോദിന്റെ ഫോണിലേക്ക് ഒരു ഫോൺ കോൾ വന്നത്. വിനോദ് അത് പെട്ടെന്ന് കട്ട് ചെയ്തു. ചില നിമിഷങ്ങൾ കഴിഞ്ഞു വീണ്ടും ഫോൺ ശബ്ദിച്ചു. ഇത്തവണ ഫോൺ വിനോദ് സ്വിച്ച് ഓഫ് ചെയ്തുകളഞ്ഞു.

'വിനോദ് നല്ല ടെൻഷനിൽ ആണെന്ന് തോന്നുന്നല്ലോ.. എന്താ കാൾ എടുക്കാത്തത്? എന്തെങ്കിലും പ്രശ്നം ?' ആൽഫ്രഡ് ചോദിച്ചു. രൂക്ഷമായ ഒരു നോട്ടമാണ് മറുപടിയായി കിട്ടിയത് . ചോദിക്കേണ്ടിയിരുന്നില്ല. ആൽഫ്രഡ് അങ്ങിനെയാണ്. ആരെങ്കിലും വെഷമിച്ചിരിക്കുകയാണെങ്കിൽ അവരെ സമാധാനിപ്പിക്കുന്നതു ആൽഫ്രഡിന് താല്പര്യമുള്ള കാര്യമാണ്. തന്നാലാവുന്ന സഹായവും എല്ലാവർക്കും ചെയ്യും. അതുകൊണ്ടു തന്നെ തന്റെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും വളരെ ഇഷ്ടവുമാണ് ആൽഫ്രഡിനെ.

'ആ ഫോൺ ഒന്ന് തരുമോ? എനിക്ക് വൈഫിനെ ഒന്ന് വിളിക്കാനാണ്.. എന്റെ ഫോൺ ഓഫ് ആണ്.. 'മൗനം മുറിച്ചു കൊണ്ട് വിനോദ് ആൽഫ്രഡിനോട് ചോദിച്ചു. ആൽഫ്രഡ് ഫോൺ കൊടുത്തു. ഒന്ന് രണ്ടു വാചകങ്ങൾ സംസാരിച്ചു വിനോദ് ഫോൺ തിരികെ കൊടുത്തു.

'എന്താണ് താങ്കൾ ഫോൺ സ്വിച്ച് ഓഫ് ചെയ്തിരിക്കുന്നത്? എന്തെങ്കിലും പ്രശ്നമുണ്ടോ?' ആൽഫ്രഡ് വീണ്ടും ചോദിച്ചു. 'ഹും.. പ്രശ്നങ്ങൾ... അതല്ലേയുള്ളു...' ഒരു പുച്ഛഭാവത്തിൽ വിനോദ് ചിരിച്ചു. 'ആരാണ് മുൻപേ ഫോണിൽ വിളിച്ചത് ?എന്താ ഫോൺ എടുക്കാതിരുന്നത് ?' 'അതോ.. അത് ഞാൻ പണം കടം വാങ്ങിയത് തിരികെ ചോദിക്കാനാണ്.. പല കള്ളങ്ങൾ പറഞ്ഞു ഞാൻ തന്നെ മടുത്തു. വെറുതെ ഫോൺ എടുത്തിട്ട് എന്തിനാ അയാളുടെ വായിലിരിക്കുന്നത് കേൾക്കുന്നത് ?'

'ഉം...' ആൽഫ്രഡ് ഒന്ന് മൂളുക മാത്രം ചെയ്തു. പെട്ടന്ന് മറുപടി പറയാൻ ഒന്നും തന്നെ ആൽഫ്രഡിനു കിട്ടിയില്ല എന്നതായിരുന്നു വാസ്തവം. എങ്കിലും ആൽഫ്രഡ് ചോദിച്ചു, 'അപ്പോൾ കടമാണ് താങ്കളുടെ പ്രശ്നം.. അല്ലെ ?'

'അങ്ങനെ പറയാൻ പറ്റില്ല.. അനേക പ്രശ്നങ്ങളിൽ ഒന്ന് മാത്രം..' വിനോദിന്റെ മുഖത്ത് നിർവികാരത നിഴലിച്ചിരുന്നു.

സുമുഖനായ ഒരു ചെറുപ്പക്കാരൻ. തന്നെക്കാൾ നാലോ അഞ്ചോ വയസ്സ് കൂടുതൽ ഉണ്ടാവും... ഇയാൾക്ക് എന്താണാവോ ഇത്രയധികം പ്രശ്നങ്ങൾ?!!



ആൽഫ്രഡിന് കൂടുതൽ കാര്യങ്ങൾ അറിയുവാൻ തോന്നി. തനിക്ക് എങ്ങനെയെങ്കിലും സഹായിക്കാൻ കഴിഞ്ഞാലോ ..

ബസ് അപ്പോഴേക്കും കൊട്ടാരക്കര സ്റ്റാൻഡിൽ എത്തിയിരുന്നു. 'വിനോദ്.. താങ്കളുടെ ഈ കടം വന്നതെങ്ങനെയാണ്? ബുദ്ധിമുട്ടില്ലെങ്കിൽ ഒന്ന് പറയുമോ ?'

'പറയാം.. കോമേഴ്‌സ് ഡിഗ്രി കഴിഞ്ഞ എനിക്ക് ബിസിനസ് ആയിരുന്നു ലക്ഷ്യം.. തുടങ്ങിയതെല്ലാം പരാജയപ്പെട്ടു... പലതും പലിശക്ക് കടം വാങ്ങിയത്... ഉണ്ടായിരുന്ന വീടും സ്ഥലവും പണയത്തിലായി.. കൂടെ നിന്ന ചങ്കുകൾ എന്ന് പറഞ്ഞ കൂട്ടുകാരും ചതിച്ചുകളഞ്ഞു... അതിന്റെ കൂടെയാണ് വീട്ടിൽ അമ്മക്ക് സുഖമില്ലാതെയായത്...' പറഞ്ഞു നിർത്തുമ്പോൾ വിനോദിന്റെ കണ്ണ് നിറഞ്ഞിരുന്നു.

'വിനോദിന്റെ ഭാര്യയും കുഞ്ഞുങ്ങളും?'

'ഭാര്യ ചെറിയ ഒരു ജോലിക്കു പോകുന്നു... രണ്ടു കുഞ്ഞുങ്ങളും ഉണ്ട് ...' ഒന്ന് നിർത്തിയ ശേഷം വിനോദ് വീണ്ടും തുടർന്നു. 'എന്ത് പറയാനാ... ഒത്തിരി സ്വപ്നം കണ്ടാണ് അവളും എന്നെ കെട്ടിയതു... അവളെയും കുറ്റം പറയാൻ പറ്റില്ല...' ഇത്തവണ വിനോദിന്റെ കണ്ണിൽ നിന്നു കണ്ണുനീർ തുളുമ്പി.

ഈ പറഞ്ഞതൊക്കെ അവിശ്വസനീയതയോടെ ആൽഫ്രഡ് കേട്ടിരുന്നു. കടം, രോഗം, കുടുംബപ്രശ്ങ്ങൾ... ഇതെല്ലം ഒരുമിച്ച് ഒരാളുടെ ജീവിതത്തിൽ വരുന്ന അവസ്ഥ വളരെ വിഷമം പിടിച്ചത് തന്നെ. എന്ത് പറഞ്ഞാണ് ഒന്ന് ആശ്വസിപ്പിക്കുക.

'ചത്തുകളഞ്ഞാലോ എന്ന് ആലോചിക്കുകയാണ് ഇപ്പോൾ.. വേറെ ഒരുവഴിയും കാണുന്നില്ല 'പെട്ടെന്നാണ് വിനോദ് പറഞ്ഞത്. 'അയ്യോ..അങ്ങനെ ഒന്നും പറയാതെ. അത് ദൈവം ക്ഷമിക്കില്ല 'ആൽഫ്രഡിന്റെ ശബ്ദം അറിയാതെ ഉയർന്നു പോയി.

'ആഹ്... ദൈവം ക്ഷമിക്കില്ലെന്നോ? നല്ല തമാശ.. എന്ത് ദൈവം ? അങ്ങനെ ഒന്നുണ്ടോ? 'അപ്പോൾ വിനോദ് ദൈവത്തിൽ വിശ്വസിക്കുന്നില്ലേ?'

'ഉണ്ടായിരുന്നു... ഇനി പോകാത്ത പള്ളികൾ ഇല്ല.. ക്ഷേത്രങ്ങളും ഇല്ല... നേർച്ചയും വഴിപാടും ഒക്കെ ഇഷ്ടം പോലെ.. എന്റെ ഒരു ആവശ്യങ്ങളും ഇതുവരെ ഒരു ദൈവവും നടത്തി തന്നിട്ടില്ല... അതുകൊണ്ടു തന്നെ എനിക്ക് ഇപ്പോൾ വിശ്വാസവുമില്ല..' അമർഷത്തോടെയാണ് ഇപ്പോൾ വിനോദ് സംസാരിക്കുന്നത്. 'വിനോദ്, ഞാൻ പറയുന്നത് ശ്രദ്ധിക്കൂ... ദൈവം എന്നത് സത്യമാണ്.. അതുപോലെ സത്യദൈവവും ഒന്നേയുള്ളു... ദൈവത്തിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവരെ ദൈവം ഒരിക്കലും കൈവിടുകയില്ല.."

'സത്യദൈവം? താങ്കൾ പറഞ്ഞുവരുന്നത്? വിനോദിന്റെ മുഖത്തു എന്തോ സംശയം നിഴലിട്ടതുപോലെ.

'അതെ, സത്യദൈവം. ഞാൻ പറയുന്നത് യേശുക്രിസ്തുവിനെക്കുറിച്ചാണ്.'

'ആഹാ... അത് ശരി... അങ്ങനെ പറ... അപ്പോൾ അതാണ് കാര്യം... ഹും... നിങ്ങളുടെ അമിത താല്പര്യം കണ്ടപ്പോഴേ എനിക്ക് ഒരു പന്തികേട് തോന്നിയിരുന്നു. മതം മാറ്റമാണ് ലക്ഷ്യം അല്ലെ? ആ പരിപാടി ഒന്നും എന്റെ അടുത്ത് ചിലവാകുകേല...

ആട്ടെ, ഈ നിങ്ങളുടെ സഭയിൽ ആളെ ചേർക്കുന്നതിന് എത്ര രൂപ കിട്ടും?' വിനോദ് പെട്ടെന്ന് രോഷാകുലനായി.

'എന്റെ പൊന്നു സുഹൃത്തേ... ഞാൻ മതംമാറ്റുന്ന ആളല്ല... താങ്കളെ സഭയിൽ ചേർക്കുകയും അല്ല എന്റെ ലക്ഷ്യം. ദയവായി തെറ്റിദ്ധരിക്കരുത്..' ആൽഫ്രഡ് വളരെ സൗമ്യനായി മറുപടി പറഞ്ഞു .

'പിന്നെ എന്തിനാണ് യേശുക്രിസ്തുവിന്റെ കാര്യം എന്നോട് പറഞ്ഞുകൊണ്ടു വന്നത്? നിങ്ങളുടെ ലക്ഷ്യം അത് തന്നെയല്ലേ?' വിനോദ് വിടാൻ തയാറല്ല. 'ഞാൻ പറഞ്ഞു തരാം വിനോദ്. പക്ഷെ ദയവായി ഞാൻ പറയുന്നത് മുഴുവൻ കേൾക്കണം. അത് കഴിഞ്ഞു വിനോദ് പറയാനുള്ളത് പറഞ്ഞുകൊള്ളൂ.. ഞാൻ കേൾക്കാം..' ആൽഫ്രഡ് പറഞ്ഞു. 'ശരി' വിനോദ് സമ്മതം മൂളി.

'ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തു ഭൂമിയിൽ അവതരിച്ചത് മനുഷ്യരാശിയുടെ രക്ഷയ്ക്കു വേണ്ടിയാണ്. അത് ഒരു കെട്ടുകഥയല്ല. ബൈബിളിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങൾ, സംഭവങ്ങൾ, എല്ലാം ചരിത്ര സത്യങ്ങളാണ്... ഉദാഹരണത്തിന്, താങ്കളുടെ ഡേറ്റ് ഓഫ് ബർത്ത് എന്നാണ്?'

'എന്റേത്.. മെയ് 31 , 1982 ..എന്തേ?'

'ഓക്കേ...അതായതു യേശുക്രിസ്തുവിനു ശേഷം 1982 വർഷങ്ങൾക്കു ശേഷം താങ്കൾ ജനിച്ചു എന്ന് താങ്കൾ പോലും അറിയാതെ താങ്കൾ സാക്ഷ്യപ്പെടുത്തുകയാണ്.. അപ്പോൾ യേശുക്രിസ്തു ഒരു സത്യമാണ്..' ആൽഫ്രഡ് വിശദമായി പറഞ്ഞു.

'ഓഹോ...' വിനോദ് ഒരു നിമിഷം ചിന്തയിലാണ്ടു.' ഓക്കേ.. ശരി.. സമ്മതിച്ചു... ഞാൻ എതിർക്കുന്നില്ല... യേശുക്രിസ്തു മാത്രം ദൈവം ആകുന്നതെങ്ങനെ? അനേക ദൈവങ്ങളിൽ ഒന്ന്... നിങ്ങൾ എന്തിനാണ് യേശുവിൽ മാത്രം വിശ്വസിക്കണം എന്ന് വാശി പിടിക്കുന്നത്? അതാണ് എനിക്ക് മനസ്സിലാകാത്തത്..' വിനോദ് തന്റെ ന്യായങ്ങൾ നിരത്തി.

'അതും ഞാൻ പറഞ്ഞു തരാം. ഒരു പക്ഷെ രോഗസൗഖ്യങ്ങൾ, അത്ഭുതങ്ങൾ ഒക്കെ പലയിടത്തും നടക്കുന്നുണ്ടാവാം... പക്ഷെ നമ്മുടെ ആത്മാവിന്റെ രക്ഷ.. അത് യേശുവിലുള്ള വിശ്വാസത്താൽ മാത്രമേ സാധ്യമാകുകയുള്ളൂ.. സ്വർഗ്ഗവും നരകവും യാഥാർഥ്യങ്ങളാണ്. പാപികളായ മനുഷ്യരുടെ വീണ്ടെടുപ്പിനായാണ് യേശുക്രിസ്തു ഭൂമിയിൽ വന്നത്. കാൽവരി മലയിൽ യാഗമായി മാറിയത്. മരിച്ചിട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റത്...' ആൽഫ്രഡ് വിശദീകരിച്ചുകൊണ്ടിരുന്നു.

'പാപിയായ മനുഷ്യനോ? വീണ്ടെടുപ്പോ? നിങ്ങൾ പറയുന്നത് എനിക്ക് മനസ്സിലാകുന്നേയില്ല. .ഇതൊക്കെ വേദപുസ്തകത്തിൽ ഉള്ളതു തന്നെയാണോ?' വിനോദ് നെറ്റി ചുളിച്ചു .

'തീർച്ചയായും. ഇതൊക്കെ വേദപുസ്തകത്തിലുള്ളതാണ്. പക്ഷെ ഭൂരിഭാഗം ആളുകൾക്കും അറിവില്ല. അതുകൊണ്ടാണ് പലരും ഇതൊക്കെ മനസിലാക്കുവാൻ വേണ്ടി ചെറിയ ലഘുലേഖകൾ ഒക്കെ വിതരണം ചെയ്യുന്നത്... കാര്യം ആളുകൾ മനസ്സിലാക്കണമല്ലോ. എന്ത് ചെയ്യാം!! മതപരിവർത്തനമായി ആണ് ആളുകൾ അതിനെ മുദ്രകുത്തുന്നത്... അല്ലാതെ നമ്മുക്ക് എന്ത് ലാഭം? മതത്തിൽ ചേർത്താൽ ഞങ്ങൾക്ക് പണം കിട്ടും എന്നാണൊക്കെ പലരുടെയും വിശ്വാസം... നമ്മുടെ ലക്ഷ്യം എന്താ? ആരുടേയും ആത്മാവിന്റെ രക്ഷ നഷ്ടപ്പെടരുത്... നരകത്തിൽ പോകരുത്... ആ ഒരു നല്ല മനസുള്ളത് കൊണ്ടാണ് എന്നെപോലെ പലരും ഈ കാര്യങ്ങൾ പറഞ്ഞു കൊടുക്കുന്നത്..' ആൽഫ്രഡ് തുടർന്നു.

'നോക്കൂ, ഈ ബസ് കോട്ടയം വരയെ ഉള്ളൂ. ഇതിനു ശേഷം നമ്മൾ ഒരിക്കലും കണ്ടെന്നു വരില്ല.. താങ്കൾക്ക് നിരവധി പ്രശ്നങ്ങൾ ജീവിതത്തിലുണ്ട്... ഇതിനെല്ലാം മറുപടി തരുവാൻ ദൈവത്തിനു സാധിക്കും... ഇതുവരെയില്ലാത്ത സമാധാനം വിനോദിന് കിട്ടും.. ശ്രമിച്ചു നോക്കൂ ' ആൽഫ്രഡ് പറഞ്ഞു.

'മ്മ്മ്... ഇതൊക്കെ ശരി തന്നെ... എന്നിട്ട് നിങ്ങളുടെ സഭയിലുള്ളവർക്കും ഈ പ്രശ്നങ്ങൾ ഒക്കെയുണ്ടല്ലോ... എനിക്ക് അനേകം ആളുകളെ അറിയാം... അപ്പോൾ താങ്കൾ പറയുന്നതൊക്കെ എങ്ങനെ ശരിയാകും ?' വിനോദിന്റെ സംശയം.

'ഹി ഹി... ഇതാണ് വലിയ ഒരു തെറ്റിദ്ധാരണ... ദൈവവും മനുഷ്യനുമായുള്ള ബന്ധമനുസരിച്ചാണ് ഒരു മനുഷ്യന്റെ ജീവിതത്തിലെ സന്തോഷവും സമാധാനവും.... പള്ളിക്കോ, സഭക്കോ ഒന്നും അതിൽ ഒരു പങ്കുമില്ല...

പള്ളിയിലുള്ളവരെല്ലാം സ്വർഗ്ഗത്തിൽ പോകുമെന്ന് ഞാൻ വിശ്വസിക്കുന്നേയില്ല... കർത്താവായ യേശുവിൽ വിശ്വസിക്കുക... കർത്താവ് പറഞ്ഞതുപോലെ വിശുദ്ധരായി ജീവിക്കുക ..'

'വിശുദ്ധജീവിതം എന്ന് പറഞ്ഞാൽ ?